Santhigiri

ഗുരുവാണി

"നിങ്ങളുടെ പ്രവൃത്തിയിൽക്കൂടി നിങ്ങൾക്ക് വേണ്ട എല്ലാ നന്മയും എല്ലാ ഭാഗ്യവും വരുത്തിയെടുക്കാം. നമുക്ക് നല്ലതൊന്നും ഇവിടെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും തിന്മ പകരാതിരിക്കണം എന്നൊരുദ്ദേശ്യം വേണം."

# ഉമ്മിണിതങ്കം

VOL 03 | ISSUE 16 | 2017 ഏപ്രിൽ 16 | 1192 മേടം 3

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# നവഒലിജ്യോതിർദിനം-18 ആലോചനായോഗം നടന്നു

**സ്പിരിചൽ സോൺ:** നവഒലിജ്യോതിർദിനം 18 സർവമംഗളസുദിനം ആലോചനായോഗം ഏപ്രിൽ 13 ന് സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് നടന്നു. ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ഗുരുവിന്റെ നവഒലി ആഘോഷം ബ്രഹ്മത്തിന്റെ കനിവായിട്ടാണ് ആഘോഷിക്കുന്നത്. ഈ ആഘോഷം ഏറ്റവും മഹിമയോടെ നടത്തണം. എന്റെ എല്ലാക്കാര്യങ്ങളും എല്ലാവരെയും അറിയിച്ച് എല്ലാവരും ചേർന്ന് ചെയ്യണമെന്ന ഗുരുവാക്കിനെ മുൻനിർത്തി വേണം കാര്യങ്ങൾ ചെയ്യേണ്ടത്. സർവമംഗളസുദിനം എന്നത് ഒരു കാരുണ്യവാക്കായിട്ടാണ് നമുക്ക് ലഭിച്ചത്. അനുഭവവശത്തിന്റെ മഹിമയിലൂടെയാണ് ഗുരു ആരെന്ന് ശിഷ്യൻ തിരിച്ചറിയുന്നത്. നിങ്ങൾ ഇത് തെറ്റിക്കാതെ കൊണ്ടുപോകണമെന്ന ബ്രഹ്മവാക്ക് അനുസരിച്ചുപോകാൻ നമുക്ക് കഴിയണമെന്നും സ്വാമി പറഞ്ഞു.



സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാളിൽ നടന്ന നവഒലിജ്യോതിർദിനം ആലോചനായോഗം

മുഖ്യപ്രഭാഷണം നടത്തിയ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകൾ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് സംസാരിച്ചു. സംസ്ഥാനത്തുള്ള ഏരിയകളിലും ആശ്രമപരിസരത്തെ പന്ത്രണ്ട് യൂണിറ്റുകളിലും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സന്ന്യാസിസന്ന്യാസിനിമാർ അവരരുടെ കുടുംബം ഉൾപ്പെടുന്ന ഏരിയകളിലാണ് പ്രവർത്തിക്കുന്നത്. ഗൃഹസന്ദർശനം, സൗഹൃദക്കൂട്ടായ്മ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളാണ് നടന്നുവരുന്നത്. വളരെ ആശാവഹമായ പ്രതികരണമാണ് ഇതിനു ലഭിച്ചിരിക്കുന്നത്.

വിശിഷ്ടാതിഥികളെ ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനപങ്കാളിത്തത്തോടെ ഏരിയ സമ്മേളനങ്ങളാണ് ഇനി നടത്താനുള്ളത്. ജീവകാരുണ്യ പ്രവർത്തനങ്ങളും ഈ സമ്മേളനങ്ങളിൽ വച്ച് നടത്തുന്നതാണ്. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പന്ത്രണ്ട് യൂണിറ്റുകളിലും ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്. നവഒലി ശാന്തി സംഗമങ്ങളും വിഭവസമാഹരണവും ഉടൻ നടക്കുന്നതാണെന്ന് സ്വാമി അറിയിച്ചു. വിവിധ ഡിപ്പാർട്ട്മെന്റു പ്രതിനിധികൾ നവഒലി ആഘോഷത്തിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചു. യോഗത്തിൽ ആശ്രമം ജോയിന്റ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സന്ന്യാസിസന്ന്യാസിനിമാർ, ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ശാന്തിഗിരിയിൽ ജൻ ഔഷധി സ്റ്റോർ പ്രവർത്തനമാരംഭിച്ചു



ശാന്തിഗിരിയിൽ ജൻ ഔഷധി സ്റ്റോർ സി.ദിവാകരൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

**ഹെൽത്ത്കെയർ സോൺ:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമയുടെ മേൽനോട്ടത്തിൽ രാജ്യമൊട്ടാകെ ആരംഭിക്കുന്ന ജൻ ഔഷധി സ്റ്റോർ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. 70% വിലക്കുറവിൽ അലോപ്പതി മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിതരണ ശൃംഖലയാണിത്. മരുന്നുകൾ കൂടാതെ സർജിക്കൽ ഉല്പന്നങ്ങളും ഇവിടെ ലഭ്യമാണ്.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് അങ്കണത്തിൽ പ്രവർത്തനമാരംഭിച്ച ജൻ ഔഷധി സ്റ്റോറിന്റെ ഉദ്ഘാടനം സി.ദിവാകരൻ എം.എൽ.എ. നിർവ്വഹിച്ചു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്യൂറോ ഓഫ് ഫാർമയുടെ സീനിയർ മാർക്കറ്റിംഗ് ഓഫീസർ പൂർണ്ണിമ എസ്. നായർ പദ്ധതി വിശദീകരണം നടത്തി. ശാന്തിഗിരി ആശ്രമം പ്രോജക്ട്സ് ഇൻചാർജ് ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സ്വാഗതം ആശംസിച്ച ചടങ്ങിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ ജി.കലാകുമാരി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മെംബർ വൈ.വി. ശോഭകുമാർ, ബി.ജെ.പി.തിരുവനന്തപുരം ജില്ലാ കമ്മിറ്റി സെക്രട്ടറി എം.ബാലമുരളി, ഗ്രാമപഞ്ചായത്ത് മെംബർമാരായ കോലിയക്കോട് മഹേന്ദ്രൻ, എ.അനിൽകുമാർ, ശരണ്യ എ.എസ്., കെ.ദേവകി, ആർ.സഹീറത്ത് ബീവി, എസ്. സുധർമ്മിണി, മാണിക്കൽ പഞ്ചായത്ത് സെക്രട്ടറി, എം പി പ്രമോദ് എന്നിവർ ആശംസകൾ അർപ്പിച്ചു. ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി കൃതജ്ഞത നിർവ്വഹിച്ചു.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

അശരീരി കിട്ടുക എന്നാൽ ലോകത്തിന്റെ വഴികാട്ടിയാകാൻ യോഗ്യതപ്പെടുക എന്നാണർത്ഥം. അതിന് അന്നോളം ആരാധിക്കപ്പെട്ടു വന്നിട്ടുള്ള കർമം എന്താണെന്ന് അറിയണം. ഈ കർമങ്ങൾ അത്രയും അറിയുന്നതിന് ഇരുപത്തിനാല് കൊല്ലമെടുത്തു. വർക്കലയിൽ കഴിഞ്ഞ പന്ത്രണ്ടു കൊല്ലത്തിൽ ഏഴുകൊല്ലം, ഇവിടെ വന്നു പന്ത്രണ്ടുകൊല്ലം, വേറെ അഞ്ചുകൊല്ലം അങ്ങനെ ഇരുപത്തിനാലു കൊല്ലം. എന്നിട്ടും പൂർത്തിയാകാനുണ്ടെന്നു പറഞ്ഞു. പല പ്രാവശ്യം 'പൂർത്തീകരണം' എന്നു പറഞ്ഞു കർമം ചെയ്യിച്ചു. അതിനു ബ്രഹ്മചാരികൾ വേണം. പക്ഷെ ബ്രഹ്മചാരികൾ ഇല്ലതാനും.

ഞാൻ ഇവിടെ വരുന്ന കാലത്ത് മുസ്ലീങ്ങളുടെ ഒരു വലിയ നിരതന്നെയുണ്ടായിരുന്നു. ബാക്കി ഹിന്ദുക്കളും. അങ്ങനെ അനവധി ജനങ്ങൾ വരാൻ തുടങ്ങി. അവർ വന്നിരുന്നത് മറ്റൊന്നിനുമായിരുന്നില്ല. അവരുടെ പലതരത്തിലുള്ള രോഗങ്ങളായിരുന്നു കാരണം. ഈ അറിവില്ലാത്ത ജനങ്ങൾ വന്നിരുന്ന സന്ദർഭത്തിലും ഒരു പ്രാവശ്യം 'പൂർത്തീകരണം' എന്ന് അറിയിച്ചു അശരീരി. ഈ ആളുകൾ എന്നോട് എന്താണു 'പൂർത്തീകരണം' എന്നു ചോദിച്ചു. എനിക്കും അറിഞ്ഞുകൂടാ എന്താണ് ഈ 'പൂർത്തീകരണം' എന്ന്. പക്ഷെ അതുവരെ അന്വേഷിച്ചറിഞ്ഞ വകയിലല്ലാതെ, ബുദ്ധിയിലും അല്ലാതെയും കണ്ടെത്താൻ വേറെയും കർമഗതികൾ ഉണ്ടെന്ന് എനിക്കു മനസ്സിലായി. 'ബുദ്ധ്യാ യുക്തോ യോഗബലേന' ചെയ്ക എന്നു പറയുന്നത് ഇതിനെയാണ്. യോഗബലം കൊണ്ടു ചെയ്യണം. പക്ഷെ ഏതു യോഗത്തിന്റെ ബലംകൊണ്ടാണ് ചെയ്യേണ്ടത്?

ഇവിടെ വന്നിരുന്ന് ഒൻപതുമാസം കഴിഞ്ഞപ്പോൾ ഒരു പെണ്ണ് കിണറ്റിൽ എടുത്തുചാടി മരിച്ചു. രോഗത്തിനു ചികിൽസക്കായി വന്ന കുട്ടി. ഇവിടെ സാമാന്യം ഭേദപ്പെട്ട ഒരു പണക്കാരനുണ്ടായിരുന്നു. അയാൾ അയാളുടെ ലോറിയും കാറും വച്ച് ഇവിടെ ആളെ ഇറക്കി. അന്നിവിടെ ഇതിനെ (ആശ്രമം) വളഞ്ഞ് അര ഏക്കർ സ്ഥലമേ ആകെയുള്ളൂ. ഈ സ്ഥലത്തെ വളച്ചുകെട്ടിയിരിക്കുന്ന വേലി പൊളിച്ചുകളഞ്ഞ് ആളുകൾ ഇതിനകത്തു കയറി. കല്ലും വടിയും തടിയുമായി അവർ അക്രമസ്വഭാവത്തിൽ തയ്യാറെടുത്താണു നിൽക്കുന്നത്. വല്ലാത്ത ബഹളവും. ക്രൈംബ്രാഞ്ചും വന്നു. പിന്നെ ലോക്കൽ പോലീസും ഇവരെല്ലാം കൂടി മൂന്നുദിവസം രാപകൽ പരിശോധന നടത്തി. ഇവിടെ ആകെ ഉള്ളത് ഒരു കൊച്ചു കുടിലും. വലിയ കമ്പിയിൽ തറയിൽ മുട്ടത്തക്കവണ്ണം കുറെ കത്തുകൾ കോർത്തിട്ടിട്ടുണ്ടായിരുന്നു. പരിശോധകർക്ക് ആകെ ഇവിടെ നിന്ന് എടുക്കാനുണ്ടായിരുന്നത് ഈ കത്തുകൾ മാത്രം. ആ കത്തുകളിൽ നിന്നും അവർക്ക് എന്തൊക്കെയോ മനസ്സിലായി. ആ കത്തെഴുതിയ ആളുകൾ ആദ്യമൊക്കെ 'നിങ്ങൾ' എന്നാണ് സംബോധന ചെയ്തിരുന്നത്. അതു പിന്നെ 'അങ്ങ്' എന്നും അവസാനം 'ഗുരു' എന്നും ആയി. അങ്ങനെയുള്ള പലരുടെയും കത്തുകൾ ഉണ്ടായിരുന്നു. കൂടാതെ എട്ടുപത്തു വട്ടി നിറയെ പുതിയ വസ്ത്രങ്ങൾ അടുക്കി വെച്ചിട്ടുണ്ടായിരുന്നു. അതു കണ്ടപ്പോൾ ഇതെങ്ങനെ എന്നു ചോദിച്ചു. അത് ഓരോരുത്തർ കൊണ്ടു വന്നു തരുന്നതാണെന്നു പറഞ്ഞു. അങ്ങനെ പരിശോധനയെല്ലാം കഴിഞ്ഞ് നാലിന്റെയന്നു രാത്രി, ഇവിടെ നിന്ന് അവർ പിടിച്ചുവച്ചിരുന്ന പത്തുപന്ത്രണ്ട് പേരൊഴിച്ച് ബാക്കിയുള്ളവരെ പോകാൻ പറഞ്ഞു. എന്നിട്ട് എന്തു ചെയ്യണം എന്നെന്നോടു ചോദിച്ചു. പരിശോധനയിൽ എന്താണോ തെളിഞ്ഞത് അപ്രകാരം ചെയ്തോളാൻ ഞാൻ പറഞ്ഞു. സ്വാമിക്ക് എന്തെങ്കിലും പറയാനുണ്ടോ എന്നു ഇടയ്ക്കിടയ്ക്ക് എന്നോടു ചോദിക്കും. വേണ്ടതുപോലെ ചെയ്തുകൊള്ളാൻ ഞാൻ പറഞ്ഞു.

## വചനദീപ്തി

**"ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവിൻ കണ്ടെത്തും, മുട്ടുവിൻ തുറന്നു കിട്ടും. ചോദിക്കുന്നവന് ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവന് തുറന്നുകിട്ടുകയും ചെയ്യുന്നു"**

**യേശുക്രിസ്തു**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ഏപ്രിൽ 16 മുതൽ 22 വരെ*

| | | | |
|---|---|---|---|
| **ഞായർ** | **– ശാന്തിഗിരി ജം.** | **വ്യാഴം** | **– രത്നഗിരി** |
| **തിങ്കൾ** | **– ലക്ഷ്മിപുരം** | **വെള്ളി** | **– സ്നേഹപുരം** |
| **ചൊവ്വ** | **– ആനന്ദപുരം** | **ശനി** | **– കാഞ്ഞാംപാറ** |
| **ബുധൻ** | **– ജനസേവികപുരം** | | |

## യാമപ്രാർത്ഥന

*2017 ഏപ്രിൽ 20 വ്യാഴം*

**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

**പ്രകാശപഥം**

# സങ്കല്പ കർമമാനസാ

ഗുരുവിനെ ഒന്നുമറിയാതെ കണ്ടവർ കാണും, ഗുരുവിനെ കണ്ടിട്ടില്ലാത്തവർ കാണും. അതുപോലെ തന്നെ ബാഹ്യത്തിൽ ഗുരുവിന്റെ സ്നേഹവാത്സല്യങ്ങൾ പലരൂപത്തിലും ഭാവത്തിലും അനുഭവിച്ചറിഞ്ഞവർ ഇവിടെ കാണും. പക്ഷെ തന്റെ നിത്യേനയുള്ള പ്രവൃത്തിയിലും ചിന്തയിലും വാക്കിലും സങ്കല്പ കർമമാനസാ എന്നു പറയുന്ന ഭാഗത്ത് ഇത് എങ്ങനെയാണ് പ്രവർത്തിച്ചൊതുക്കുന്നതെന്ന ഭാഗം കണ്ടിട്ട് ഓരോരുത്തരും ഓർമ്മിക്കണം. എനിക്കിത് ചെയ്തെടുക്കാൻ കഴിയണം. ഞാനിതിന് അവകാശിയായി തീരും. എന്റെ ഈ മനുഷ്യശരീരം ഇരിക്കുമ്പോൾ അല്ലെങ്കിൽ ഈ പഞ്ചഭൂതാത്മകമായിരിക്കുന്ന എന്റെ ശരീരം പഞ്ചേന്ദ്രിയങ്ങളിലും പഞ്ചകോശങ്ങളിലും അടങ്ങിയിരിക്കുന്ന ഈ സ്വരൂപം നിന്നെ പ്രാർത്ഥിച്ച് നിന്നിലേക്കണയാനുള്ള ഒരു വസ്തുവായി തീരണം. ആ വസ്തു നിന്നിലേക്ക് ലയിച്ചിട്ട് ഞാനും നീയും ഒന്നായി പ്രവർത്തിക്കുന്ന ഒരു ഭാഗത്തേക്ക് എന്നെ ആക്കിത്തീർക്കണം എന്നൊരു സങ്കല്പത്തിനു വേണ്ടി അങ്ങനെ നമ്മൾ നിശ്ചയദാർഢ്യത്തോടു നിന്ന് പ്രവർത്തിക്കണം. ആ പ്രവർത്തനമാണ് അതാണ് ആശ്രമലക്ഷ്യവും ആശ്രമോദ്ദേശ്യവും നമ്മെ മനസിലാക്കിത്തരുന്നത്. അങ്ങനെയാണ് ഗുരുപൂജയിൽ കൂടി നമ്മൾ പ്രവർത്തിച്ചെടുക്കുന്നത്.

ഈ അന്തരീക്ഷമാലിന്യം എന്നു പറയുന്ന ഭാഗത്ത് പ്രവർത്തിച്ചൊതുക്കി നിർത്തുന്നതുപോലെ തന്നെ നമുക്ക് വേണ്ടത് കൊടുക്കാനും അവരിൽ നിന്ന് എന്താണോ തിരിച്ച് കിട്ടുന്നതെന്നു കാണാനും ആ ആത്മസ്വരൂപങ്ങളെ പൊട്ടിച്ചു കളയാനും പ്രാപ്തരായ കുട്ടികളുടെ ആധികാരികത നമ്മുടെ കൈയിലാണ്. ഈ ലോകത്തിന്റെ നന്മയെ വിളിച്ചറിയിക്കുന്ന ഒന്നായിത്തീരുന്ന അതാണ് സ്നേഹം. അതു തന്നെയാണ് ഈശ്വരകാരുണ്യമായിട്ടും ശാന്തിഗിരിയുടെ ലക്ഷ്യവും ഉദ്ദേശ്യവും പ്രാപ്തിയും ഗുരുപൂജയും എല്ലാമായിട്ടു നില്ക്കുന്നത്. അതിനുവേണ്ടി പ്രവർത്തിക്കുന്നവരാരാണോ അവർ സഹിക്കേണ്ടുന്ന ത്യാഗത്തെപ്പറ്റിയും മറ്റ് വശങ്ങളെപ്പറ്റിയും ജാഗ്രതയോടുകൂടിയും ആ സ്നേഹത്തോടുകൂടിയും കാണുകയും പ്രവർത്തിച്ചൊതുക്കുകയും വേണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** – അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# സീരിയലുകൾ സൃഷ്ടിക്കുന്ന ധാർമിക തകർച്ച

ഏത് മതവിശ്വാസിയായിരുന്നാലും കേരളീയ കുടുംബങ്ങളിലെ സവിശേഷതയായിരുന്നു സന്ധ്യാസമയത്തെ പ്രാർഥനയും ദൈവസ്തോത്രവും മഹദ്ഗ്രന്ഥങ്ങളുടെ പാരായണവുമെല്ലാം; പ്രത്യേകിച്ച് സ്ത്രീകൾക്ക്. ഇന്ന് സീരിയൽ പരമ്പരകൾ ആ സ്ഥാനം കൈയടക്കിക്കഴിഞ്ഞു.

പല വീട്ടമ്മമാർക്കുമതൊരു ലഹരിയാണ്. പുരുഷന്മാർക്ക് മദ്യമാണ് ലഹരിയെങ്കിൽ സ്ത്രീകൾക്കത് സീരിയലുകളാണ്. പെൺകുട്ടികളും വീട്ടമ്മമാരും മുത്തശ്ശിമാരും വരെ സീരിയൽ കഥാപാത്രങ്ങളുടെ ഭാവിയോർത്ത് ഉത്കണ്ഠപ്പെടുന്നവരും കഥാപാത്രങ്ങളുടെ വേദന കണ്ട് സങ്കടപ്പെടുന്നവരുമാണ്. സീരിയലുകളുടെ സമയമനുസരിച്ചാണ് വീടുകളിലെ ദൈനംദിന കാര്യങ്ങൾ ക്രമീകരിക്കുന്നത്; അടുക്കളപ്പണികൾ തീർക്കുന്നതും ഭക്ഷണം വെച്ച്‌വിളമ്പുന്നതും കുഞ്ഞുങ്ങളെ കുളിപ്പിക്കുന്നതും കളിപ്പിക്കുന്നതുമെല്ലാം. ഹോം വർക്ക് ചെയ്യുന്ന കുട്ടികൾക്ക് ഭക്ഷണം കിട്ടണമെങ്കിൽ ടി.വിയിൽ പരസ്യം വരണം എന്ന ഗതികേടിലാണ്.

പ്രേക്ഷകരുടെ മനസ്സ് മാറ്റാൻ ഏറ്റവും ശക്തിയുള്ള മാധ്യമം എന്ന നിലയിൽ സീരിയലുകൾ എന്ത് സന്ദേശവും സ്വാധീനവുമാണ് നൽകുന്നതെന്നത് ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. സീരിയൽ കഥകളും കഥാപാത്രങ്ങളും നല്ലൊരു ശതമാനം സ്ത്രീ പ്രേക്ഷകരിൽ ദുഃസ്വാധീനം ചെലുത്തുന്നുണ്ടെന്നതിൽ തർക്കമില്ല. പ്രേക്ഷക മനസ്സിന്റെ ചിന്തയെയും ബുദ്ധിയെയും കുറച്ചൊന്നുമല്ല ഇവ വികലമാക്കുന്നത്.

ജനപ്രിയവും അല്ലാത്തതുമായ ഭൂരിഭാഗം സീരിയലുകളിലും വെറുപ്പ്, അസൂയ, ഭയം, ആക്രമണം, ശത്രുസംഹാരം, ആഭിചാരം, വിദ്വേഷം, കളവ്, കൈക്കൂലി, ഛിദ്രത, പ്രതികാരം, അശ്ലീലത, അവിഹിതബന്ധം, അന്ധവിശ്വാസം, തട്ടിപ്പ്, ആർഭാടം തുടങ്ങിയ ക്ഷുദ്രവികാര കഥകൾക്കാണ് മേൽക്കൈ. ഇവ സമാസമം ചേരുവയാക്കുകയാണ് മിക്ക ചാനലുകളും.

സ്ത്രീ പ്രേക്ഷകരെയാണ് ചാനലുകൾ പ്രധാനമായും ലക്ഷ്യം വെക്കുന്നതെങ്കിലും അവരെ മോശക്കാരായി ചിത്രീകരിക്കുന്നതാണ് ഉള്ളടക്കം. പല സീരിയലുകളുടെയും കഥകളുടെ ഇതിവൃത്തംതന്നെ വിവാഹേതര ബന്ധങ്ങളും ജാരസന്തതികളുടെ പ്രതികാരവും കുടുംബ കലഹവും തട്ടിപ്പും അന്ധവിശ്വാസവുമൊക്കെയാണ്. കുടുംബ ബന്ധങ്ങളുടെ പവിത്രത തന്നെ ശുദ്ധ അസംബന്ധമാണെന്ന് ജനപ്രിയ ചാനലുകൾ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. സാധാരണഗതിയിൽ നമ്മുടെ വീട്ടിൽ കാലുകുത്താനനുവദിക്കാത്ത ദുഃശക്തികളും കൊലപാതകികളും കുടിയന്മാരും അവിഹിതക്കാരും പ്രേതപിശാചുക്കളുമെല്ലാം രാവേറുവോളം ടി.വിയിൽ നിറഞ്ഞാടുന്നു.

മാതാപിതാക്കളെ എങ്ങനെ ധിക്കരിക്കാം, ധാർമിക സദാചാര നിയമ വിലക്കുകളെല്ലാം പഴഞ്ചനാണ്, പിടിക്കപ്പെടാതെ എങ്ങനെ കുറ്റകൃത്യങ്ങൾ ചെയ്യാം, കോടതിയോടും നിയമത്തോടും മതശാസനകളോടുമുള്ള പുച്ഛവും അനാദരവും, രഹസ്യവിവാഹം കഴിച്ച് പണം തട്ടിപ്പുനടത്തി ജീവിക്കുന്നത്, രഹസ്യ പ്രേമത്തിലും ബന്ധങ്ങളിലും വിഹരിക്കുന്നതിലെ ത്രില്ല്, അമ്മായി അമ്മ – മരുമകൾ പോരുകൾ, പ്രതിയോഗിയെ വിഷം കൊടുത്ത് കൊല്ലുന്നത്, മാതാപിതാക്കളെ തല്ലുന്നവർകൊല്ലുന്നവർ, ഭർത്താവിനെയോ ഭാര്യയെയോ കാമുകിയെയോ കാമുകനെയോ കൊല്ലാൻ ക്വട്ടേഷൻ നൽകുന്നത്... മലയാളം ചാനലുകളിലെ പൊതുവായ കഥകളുടെ ഇതിവൃത്തവും പാഠവുമാണിതൊക്കെ. അർധരാത്രിയോളം നീളുന്ന ഈ ചാനൽ കഥാപാത്രങ്ങളെ തന്നെയല്ലേ കേരളം ഇടക്കിടെ നേർക്കുനേരെ കണ്ടുമുട്ടുന്നത്? പല വീടുകളിലും നടക്കുന്ന അക്രമങ്ങളുടെയും അനാശാസ്യങ്ങളുടെയും അന്തർ നാടകങ്ങൾക്ക് പിന്നിൽ ഇത്തരം സീരിയലുകളുടെ സ്വാധീനമില്ലേ?

മുമ്പില്ലാത്തവിധം സ്ത്രീ കുറ്റവാളികൾ സമൂഹത്തിൽ കൂടി വരികയാണ്. സ്ത്രീ മനസ്സുകളെ വികലപ്പെടുത്തുന്നതിൽ ചാനൽ കാഴ്ചകൾവഹിക്കുന്ന പങ്കിനെ ആർക്കും നിഷേധിക്കാനാവില്ല. സീരിയൽ കഥകൾ കുടുംബ ബന്ധങ്ങളുടെ തകർച്ചക്ക് കാരണമാകുന്നതായും ജീവിതവും സീരിയലും രണ്ടാണെന്ന് തിരിച്ചറിയാത്ത കാഴ്ചക്കാർ ഇതിന്റെ ഇരകളാകുന്നതായും വനിതാ കമ്മീഷൻ അംഗം അഡ്വ. നൂർബിനാ റഷീദ് ഈയിടെ ചൂണ്ടിക്കാട്ടിയിരുന്നു. വളരെ ഗുരുതരമാണ് സീരിയലുകൾ സൃഷ്ടിക്കുന്ന ധാർമിക തകർച്ച.

# ഗുരുകാന്തി അവധിക്കാല ക്യാമ്പ്



ഗുരുകാന്തി അവധിക്കാല പഠനക്യാമ്പിൽ നിന്ന്

**എജ്യൂക്കേഷൻ സോൺ:** ഏപ്രിൽ മൂന്നിന് ആരംഭിച്ച ശാന്തിഗിരി ഗുരുകാന്തിയുടെ അവധിക്കാല ക്യാമ്പ് കുട്ടികളിൽ ആവേശം ഉണർത്തുന്നതും ആനന്ദകരവുമായ പുതിയ അനുഭവമായി മാറുന്നു. എല്ലാവരും അറിവിന്റെയും ആനന്ദത്തിന്റെയും ഉത്സവലഹരിയിൽ തന്നെ. അവധി ദിവസമായ ഞായറാഴ്ചകളിൽ പോലും ഗുരുകാന്തിയിൽ വരുവാനായി വാശി പിടിച്ചു കരയുന്ന കുരുന്നുകളുമുണ്ട് കൂട്ടത്തിൽ. രണ്ടാം ശനിയാഴ്ച പതിവു പോലെ നടത്തി വരുന്ന ഗുരുദർശനവും തട്ടസമർപ്പണവും ക്യാംപിന്റെ മഹനീയ മുഹൂർത്തമായിരുന്നു.

അന്നേദിവസം അനിൽകുമാറിന്റെ നേതൃത്വത്തിൽ നടന്ന നാടൻ പാട്ട് പരിശീലനം കുട്ടികൾക്ക് വേറിട്ട അനുഭവമായി. അനിൽകുമാർ കുടുംബസമേതം ഗുരുകാന്തി കുട്ടികളോടൊപ്പം ഗുരുദർശനം നടത്തുകയും അവരുടെ സന്തോഷവും സ്നേഹവും പങ്കു വയ്ക്കുകയും ചെയ്തു. ഏപ്രിൽ 10 ന് തിങ്കളാഴ്ച ഡോ. കെ.ആർ.എസ്. നായരുടെ വ്യക്തിത്വ വികസന ക്ലാസ് കുട്ടികളെ ചിന്തകളുടെ പടവുകൾ കയറ്റുന്ന അറിവിന്റെ അനുഭൂതി മണ്ഡലമായി മാറി. ചൊവ്വാഴ്ച ദിവസം ഗുരുമഹിമ ഹെഡ് സർവാദരണീയ ജനനി നവപ്രിയ ജ്ഞാനതപസ്വിനി എബ്രഹാം ലിങ്കൻ എങ്ങനെ മഹാനായി എന്നും അതിൽ അദ്ദേഹത്തിന്റെ അമ്മയുടെ പങ്കിനെക്കുറിച്ചുമുള്ള കഥ പറഞ്ഞ് കുട്ടികളുടെ മനം കവർന്നു. ഗുരുവിന്റെ കുഞ്ഞുങ്ങളായി മാറുന്നതിന് കുട്ടികൾ പാലിക്കേണ്ട ചിട്ടകളെക്കുറിച്ചും ജനനി സംസാരിച്ചു. ബുധൻ, വ്യാഴം ദിവസങ്ങളിൽ ചിത്രരചന പരിശീലകനും പോലീസുദ്യോഗസ്ഥനുമായ ഗുരുപ്രസാദ് അയ്യപ്പന്റെ ചിത്രരചന പരിശീലനവും ക്ലേ മോഡലിംഗും കുട്ടികൾക്ക് വളരെ വിനോദപ്രദമായ അനുഭവമായിരുന്നു. കളിമണ്ണ് കൈകൾ കൊണ്ടു കുഴച്ച് കുട്ടികൾ ഉണ്ടാക്കിയ രൂപങ്ങൾ പഴയ തലമുറയുടെ നഷ്ടസ്വപ്നങ്ങളുടെ നേർക്കാഴ്ചയായി. എല്ലാ ദിവസവും നടത്തി വരുന്ന ഗോപകുമാറിന്റെ നേതൃത്വത്തിലുള്ള ബാഡ്മിന്റൺ പരിശീലനം കുട്ടികൾക്ക് ഏറെ താൽപ്പര്യമുള്ള വിനോദമാകുന്നു. എല്ലാ ദിവസവും നിശ്ചയിച്ച സമയത്ത് ഗ്രൂപ്പടിസ്ഥാനത്തിൽ പരിസര ശുചീകരണം അധ്യാപകനായ ആർ പരമേശ്വരന്റെ നേതൃത്വത്തിൽ ശ്രീഗുരുഗീത ക്ലാസ്, ഗ്രേറ്റ് ഗ്രാന്റ് മാസ്റ്റർ ദിലീപ് ജിയുടെ നേതൃത്വത്തിലുള്ള ടീം നയിക്കുന്ന കുങ്ഫു പരിശീലനം പ്രത്യൂഷ പി. യുടെ നേതൃത്വത്തിലുള്ള സംഗീതക്ലാസുകൾ, ഗുരുകാന്തി ടീച്ചർമാർ നടത്തി വരുന്ന ക്രാഫ്റ്റ് ,ചിത്രരചന, പ്രസംഗപരിശീലന ക്ലാസുകളും, ഗുരുമഹിമ കുട്ടികളുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വിനോദവും വിജ്ഞാനവും പകരുന്ന വിവിധതരം ക്ലാസുകളും മത്സരങ്ങളും നടന്നു വരുന്നു. ടീം അടിസ്ഥാനത്തിൽ കുട്ടികളുടെ വിവിധ കഴിവുകൾ വിലയിരുത്തി മാർക്കുകൾ നൽകുന്നത് കുട്ടികളിൽ ആവേശമുണർത്തുന്ന ഒന്നാണ്. ഗുരുകാന്തി ടീച്ചർമാരുടെ പരിപാലനവും കരുതലും മാനിച്ച് മധുരപലഹാരങ്ങൾ കുട്ടികൾ ടീച്ചർമാർക്കായി വീട്ടിൽ നിന്ന് തയ്യാറാക്കി കൊണ്ടു വന്നത് കുട്ടികളുടെ ഉള്ളിലെ ഗുരുസ്നേഹത്തിന്റെ പ്രതീകമായി മാറി.

ഇതുവരെയുള്ള മത്സരങ്ങളിലെ സ്കോർ നിലവാരം : ടീം ഗുരുനിധി 67 പോയന്റുകളോടെ ഒന്നാം സ്ഥാനത്തും ഗുരുസ്നേഹം 55 പോയിന്റുകളോടെ രണ്ടാം സ്ഥാനത്തും ഗുരുകീർത്തനം 49 പോയിന്റുകളോടെ മൂന്നാം സ്ഥാനത്തും ടീം പൗർണ്ണമി 37 പോയിന്റുകളോടെ നാലാം സ്ഥാനത്തും തുടരുന്നു.

# ഒഎൻവി കവിതകളുടെ സംഗീതാവിഷ്കാരം

**സ്പിരിചൽ സോൺ:** ദിവംഗതനായ കവി പ്രഫ. ഒ.എൻ.വി. കുറുപ്പ് ആശ്രമത്തെക്കുറിച്ച് രചിച്ച മൂന്ന് കവിതകളുടെ സംഗീതാവിഷ്കരണം പ്രകാശനത്തിന് തയ്യാറാകുന്നു. ഒഎൻവിയുടെ മകനും സംഗീത സംവിധായകനുമായ രാജീവൻ സംഗീതം നിർവഹിച്ചിരിക്കുന്ന ഈ സി.ഡി. അദ്ദേഹത്തിന്റെ പത്നി സരോജിനിയമ്മ ഗുരുവിന് സമർപ്പിക്കും. സി.ഡി.യിൽ ആശ്രമത്തിൽ



ഒ.എൻ.വി

വച്ച് ഒ.എൻ.വി നടത്തി. പ്രഭാഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

# പൗർണമി സംഗീതം

**സ്പിരിചൽ സോൺ:** മീന മാസത്തിലെ പൗർണമി ദിവസം ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ പൗർണമി സംഗീതം നടന്നു. രാത്രി ഒൻപത് മണിക്കുള്ള ആരാധനയ്ക്ക് ശേഷം നടന്ന സംഗീതാർച്ചന 11.30 വരെ നീണ്ടുനിന്നു. കലാരംഗത്തിലെ ഗായകരാണ് ഗാനങ്ങൾ ആലപിച്ചത്. വിവിധ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെയുള്ള ഗാനാർച്ചന ഗുരുഭക്തർക്ക് അനുഭൂതിദായകമായി.

# ശാന്തിഗിരി–മാതൃഭൂമി അവധിക്കാല ശില്പശാല

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമവും മാതൃഭൂമി ദിനപത്രവും സ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ അവധിക്കാല ശില്പശാല തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്നു. ഒരാഴ്ച നീണ്ടു നില്ക്കുന്ന ശില്പശാല ഏപ്രിൽ പകുതിയോടെ ആരംഭിക്കും. വിജ്ഞാനവും വിനോദവും ഒന്നിക്കുന്ന ശില്പശാലയിൽ വ്യത്യസ്ത വിഷയങ്ങളിൽ പ്രഗത്ഭർ ക്ലാസ് എടുക്കാനെത്തുന്നതാണ്. ചിത്രരചന, കല, സാഹിത്യം, വ്യക്തിത്വ വികസനം, ആരോഗ്യസംരക്ഷണം, യോഗ തുടങ്ങി നിരവധി വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധമുണ്ടാക്കുകയാണ് ലക്ഷ്യം. ഗണിതം ലളിതമാക്കുന്നതിനുള്ള രസകരമായ വഴികൾ, പുതിയകാലത്ത് ഉപേക്ഷിക്കേണ്ട ഭക്ഷണശീലങ്ങൾ, ഗതാഗത ബോധവത്കരണം തുടങ്ങി കുട്ടികൾക്ക് വിജ്ഞാനം പകരുന്ന വിഷയങ്ങളിലും വിദഗ്ദ്ധർ കുട്ടികളുമായി സംവദിക്കും. രജിസ്ട്രേഷനായി വിളിക്കേണ്ട ഫോൺ നമ്പർ –9497470939.

# ഗുരുശിഷ്യദീപ്തി പുസ്തകത്തിന് പുരസ്കാരം

**തിരുവനന്തപുരം:** ശാന്തിഗിരി പബ്ലിക്കേഷൻസിന്റെ പുതിയ പുസ്തകമായ ഗുരുശിഷ്യദീപ്തിയുടെ പ്രസിദ്ധീകരണത്തിന് കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷന്റെ വെള്ളി മെഡൽ തിരുവനന്തപുരം അക്ഷര ഓഫ് സെറ്റ് പ്രിന്റേഴ്സിന് ലഭിച്ചു. ആർട്സ് ആന്റ് കൾച്ചർ സീനിയർ അഡ്വൈസർ കെ. സതീശൻ രചിച്ച ഈ പുസ്തകം 2017 പൂജിതപീഠം സമർപ്പണദിനത്തിലാണ് പ്രകാശനം ചെയ്തത്.

# ജി.എ.ഡി. പൊതുയോഗം

**റിസർച്ച് സോൺ:** ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘവും ചേർന്ന് നടത്തുന്ന പ്രതിമാസ പൊതുയോഗം ഏപ്രിൽ എട്ടിന് കമ്യൂണിറ്റി ഡൈനിംഗ് ഹാളിൽ വച്ച് നടന്നു. അമ്പത്തേഴാമത് പൊതുയോഗമാണ് ഇത്തവണ നടന്നത്. സർവാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ഏറ്റവും വലിയ ത്യാഗത്തിന്റെ പൂർത്തീകരണമാണ് നവഒലി ജ്യോതിർദിനം. അതിനാൽ ആ പ്രാർത്ഥനാസങ്കല്പങ്ങളിൽ എല്ലാവരും പങ്കെടുക്കണമെന്നും സ്വാമി പറഞ്ഞു. ശ്രദ്ധയോടുകൂടി ആശ്രമത്തിലെ കർമം ചെയ്യണമെന്നും അതുവഴി ഭക്തിയുണ്ടാകണമെന്നും സ്വാമി ഓർമ്മിപ്പിച്ചു. എം.പി. പ്രമോദ്, കെ. രവീന്ദ്രൻ, പ്രസാദ് എം. കാശിനാഥ് എന്നിവർ പൊതു യോഗത്തിൽ സംസാരിച്ചു.

# വൈക്കം പ്രാർത്ഥനാകേന്ദ്രത്തിന്റെ വാർഷികം 21 ന്

**വൈക്കം:** ഗുരുവിന് വൈക്കം പൌരാവലി സ്വീകരണം നൽകിയതിന്റെ 20ാമത് വാർഷികവും വൈക്കം പ്രാർത്ഥനാകേന്ദ്രത്തിന്റെ 40ാമത് വാർഷികവും ഏപ്രിൽ 21 ന് വെള്ളിയാഴ്ച സമുചിതമായി ആഘോഷിക്കും. രാവിലെ 11 മണിക്ക് വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ വച്ച് നടക്കുന്ന വാർഷികാഘോഷ സമ്മേളനം കെ.സി.വേണുഗോപാൽ എം.പി. ഉദ്ഘാടനം ചെയ്യും. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വൈക്കം നഗരസഭാ ചെയർമാൻ അനിൽ ബിശ്വാസ് മുഖ്യാതിഥിയായിരിക്കും.

ചലച്ചിത്ര പിന്നണി ഗായിക വൈക്കം വിജയലക്ഷ്മി, സംസ്ഥാന കർഷക അവാർഡ് ജേതാവ് ചാർളി എബ്രഹാം എന്നിവരെയും ജൈവസൗഹൃദ നഗരസഭയായി തെരഞ്ഞെടുക്കപ്പെട്ട വൈക്കം നഗരസഭാ ചുമതലക്കാരെയും യോഗത്തിൽ വച്ച് ആദരിക്കും. ആദരണീയ സ്വാമി മധുരനാദൻ ജ്ഞാനതപസ്വി, കോഡിനേറ്റർ അനൂപ് റ്റി.പി., വിജയൻ മാച്ചേരി, ജോയി വി., ഡോ. മോഹൻ പാമ്പാടി തുടങ്ങിയവർ സമ്മേളനത്തിൽ സംബന്ധിക്കും.



അഗ്രികൾച്ചർ സോണിൽ നടന്ന പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പ്ലാന്റ് ശിലാസ്ഥാപനചടങ്ങ്

# പ്ലാസ്റ്റിക് പുനർനിർമ്മാണ പ്ലാന്റിന് ശിലാസ്ഥാപനം നടത്തി

**അഗ്രികൾച്ചർ സോൺ :** മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാസ്റ്റിക് പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി അഗ്രികൾച്ചർ സോണിൽ പ്ലാസ്റ്റിക് റിക്കവറി സെന്ററിന് ശിലാസ്ഥാപനം നടന്നു. പഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാതയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ശിലാസ്ഥാപനം നിർവ്വഹിച്ചു.

ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും ശേഖരിക്കുന്ന കഴുകിയുണക്കിയ പ്ലാസ്റ്റിക്ക് കവറുകൾ പ്ലാന്റിൽ എത്തിച്ച് റീപ്രോസസിംഗിന് അനുയോജ്യമായ തരത്തിൽ ഉപയോഗപ്രദമാക്കുവാനാണ് ഈ പ്ലാന്റ് വഴി ഉദ്ദേശിക്കുന്നത്. ശാന്തിഗിരി ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള അഗ്രിക്കൾച്ചർ സോണിലാണ് പഞ്ചായത്ത് സഹായത്തോടെ പ്ലാന്റ് ഉയരുന്നത്. ഈ ആവശ്യത്തിലേക്ക് ആശ്രമം 15 വർഷത്തെ പാട്ടത്തിനു സ്ഥലം വിട്ട് നൽകിയിരിക്കുകയാണ്. ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, എന്നിവർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ജയൻ, പഞ്ചായത്ത് സെക്രട്ടറി എം.പി. പ്രമോദ്, കൺസൽട്ടൻറ് ജഗജീവൻ, അംഗങ്ങളായ കോലിയക്കോട് മഹേന്ദ്രൻ, കെ.ദേവകി, എസ്.സുധർമ്മിണി, ആർ. സഹീറത്ത് ബീവി, ശരണ്യ എ.എസ് എന്നിവർ പങ്കെടുത്തു.




(കുട്ടികൾക്കു വേണ്ടിയുള്ള മികച്ച സിനിമയ്ക്കുള്ള സംസ്ഥാന പുരസ്കാരം നേടിയ തോമസ് ദേവസ്യ ശാന്തിമഹിമ പ്രവർത്തകനും ചിത്രകാരനുമായ ഷൈജു കെ മാലൂരിന് അയച്ച വാട്സ് ആപ് സന്ദേശം)

# സിദ്ധ ഗവേഷണത്തിന് ശാന്തിഗിരിയുമായി ധാരണാപത്രം ഒപ്പിട്ടു



സിദ്ധ ഗവേഷണത്തിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ ചടങ്ങ്

**തിരുവനന്തപുരം:** കേന്ദ്ര ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ കൗൺസിൽ ഫോർ സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയും സിദ്ധ ഗവേഷണരംഗത്ത് ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷനുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു. തിരുവനന്തപുരം രാജീവ് ഗാന്ധി ജൈവ സാങ്കേതിക കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ എസ്.എച്ച്.ആർ.ഒ. ഹെഡ് സർവാദരണീയ ഡോ. ജനനി നിശ്ചിത ജ്ഞാനതപസ്വിനി, സിസിആർഎസ് ഡയറക്ടർ ജനറൽ പ്രൊഫ. ഡോ. ആർ.എസ്. രാമസ്വാമി, ആർ.സി.ജി.ബി. ഡയറക്ടർ പ്രഫ. എം. രാധാകൃഷ്ണപിള്ള എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. സിദ്ധ പ്രാദേശിക ഗവേഷണകേന്ദ്രം റിസർച്ച് ഓഫീസർ ഡോ. എസ്. സെൽവരാജൻ, എസ്.എച്ച്.ആർ.ഒ. അസിസ്റ്റന്റ് ജനറൽ മാനേജർ എസ്. വിജയൻ, രാജീവ് ഗാന്ധി ജൈവ സാങ്കേതിക കേന്ദ്രത്തിലെയും ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെയും പ്രതിനിധികളും പങ്കെടുത്തു.

## അറിയിപ്പ്

**റിസർച്ച് സോൺ:** ദീപം പ്രദക്ഷിണസമയത്ത് കൊച്ചുകുട്ടികൾ ഓടിക്കളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത് പ്രദക്ഷിണത്തിൽ പങ്കെടുക്കുന്ന ഗുരുഭക്തർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും അറിയിച്ചു. കുട്ടികളുടെ അമ്മമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ആശ്രമത്തിലെ സുരക്ഷാ നിരീക്ഷണ ക്യാമറകൾ പ്രവർത്തനം ആരംഭിച്ചു

**സ്പിരിചൽ സോൺ:** സുരക്ഷയ്ക്കായുള്ള ആശ്രമത്തിലെ സുരക്ഷാ നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനോദ്ഘാനം ഏപ്രിൽ 13 ന് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിച്ചു.സ്പിരിചൽ സോണിന്റെ വിവിധ ഭാഗങ്ങളിലായി 32 ഐ.പി. ക്യാമറകൾ ആണ് സ്ഥാപിച്ചിരിക്കുന്നത്. ആശ്രമം സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ ക്യാമറ നിരീക്ഷണത്തിനായി കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ സാങ്കേതിക സഹായത്തോടെയാണ് പ്രവർത്തനം. ഉദ്ഘാടന ചടങ്ങിൽ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുത്തു.



സെക്യൂരിറ്റി നിരീക്ഷണ ക്യാമറ കൺട്രോൾ റൂം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala